ഉത്തരം

(എ) 1999 ഡിസംബറിനു മുമ്പ് പൂർത്തിയാക്കാമെന്ന് കരുതുന്നു.

(ബി) കോന്നി ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 17200 മുതൽ 22125 വരെയുള്ള ഭാഗങ്ങളിലാണ് അറ്റകുറ്റപ്പണികൾ നടത്താനുള്ളത്. ഇതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) കെ.ഐ.പി.യുടെ കോന്നി ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 17200 മുതൽ 22125 വരെയുള്ള ഭാഗങ്ങളിലെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി അടുത്ത സീസണിനു മുമ്പ് വെള്ളം തുറന്നുവിടാൻ കഴിയുമെന്നു കരുതുന്നു.

85 (1191) വി.സി.ബി. നിർമ്മിക്കാൻ പദ്ധതി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്ക് വെള്ളം നൽകുന്നതിനുവേണ്ടി മലപ്പുറം ജില്ലയിലെ തിരുവാലി പഞ്ചായത്തിൽ യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ വി.സി.ബി. നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വി.സി.ബി. നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) യൂറോപ്യൻ സഹായമുള്ളതുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റു ഏജൻസികളിൽ നിന്നോ കൃഷിക്കാർക്ക് ഒരു സഹായവും ലഭിക്കുന്നില്ലാ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അടിയന്തിരമായി വി.സി.ബി. നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 4.75 ലക്ഷം രൂപ ചെലവു വരുന്ന ഒരു വി.സി.ബി. നിർമ്മാണത്തിന് 4.6.99-ൽ കൂടിയ സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റി ഭരണാനുമതി നൽകി, അനന്തര നടപടി സ്വീകരിക്കാൻ കോഴിക്കോട് മൈനർ ഇറിഗേഷൻ സൂപ്രണ്ടിംഗ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

86 (1192) കായംകുളം താപനിലയത്തിലെ ഐ.ആർ.സി.

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപനിലയത്തിലെ ഐ.ആർ.സി. രൂപീകരിച്ചിട്ട് എത്ര വർഷമായി;

(ബി) ഇതിനുശേഷം ഐ.ആർ.സി.യുടെ എത്ര യോഗങ്ങൾ നടന്നു;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഐ.ആർ.സി. പ്രവർത്തിപ്പിക്കാൻ ലേബർ വകുപ്പു നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്;

(ഡി) ഐ.ആർ.സി. യോഗം കൂടുന്നതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ ആ തടസ്സങ്ങൾ നീക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഐ.ആർ.സി.ക്ക് വെളിയിലാണ് ചില യൂണിയൻ നേതാക്കൾ ഒത്തുതീർപ്പുണ്ടാക്കിയത് എന്നതിനെപ്പറ്റി അന്വേഷിക്കുമോ;

(എഫ്) ഐ.ആർ.സി.ക്ക് വെളിയിൽ തൊഴിൽത്തർക്കങ്ങൾ ഒത്തു തീർപ്പാക്കാൻ ലേബർ വകുപ്പ് ഉദ്യോഗസ്ഥൻമാർ ശ്രമിച്ചതിനെപ്പറ്റി അന്വേഷിക്കുമോ;

(ജി) എം.എൽ.എ. മാർ കൂടി അടങ്ങുന്ന ഐ.ആർ.സി.ക്ക് വെളിയിൽ കോൺട്രാക്ടർമാരുമായി ഒത്തുതീർപ്പുണ്ടാക്കാൻ ലേബർ ഓഫീസർമാരും ചില യൂണിയൻ നേതാക്കൻമാരും തയ്യാറാകുകയും ഐ.ആർ.സി. യോഗം ചേർന്ന് അത് അംഗീകരിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഉണ്ടാക്കിയിട്ടുള്ള ഒത്തുതീർപ്പുകളുടെ നിയമപ്രാബല്യത്തെപ്പറ്റി വിശദീകരിക്കുമോ;

(എച്ച്) ഐ.ആർ.സി. പുനഃസ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ടുവർഷത്തിലധികമായി. 2.11.96-ലെ സർക്കാർ ഉത്തരവ് (സ) നം. 2889/96/തൊഴിൽ പ്രകാരമാണ് ഇത് രൂപീകരിച്ചത്.

(ബി) ഏഴ്.

(സി) ഐ.ആർ.സി. യോഗം അവസാനമായി ചേർന്നത് 29/11/98-ൽ ആണ്. കാർത്തികപ്പള്ളി താലൂക്ക് എർത്ത് ആന്റ് ജനറൽ വർക്കേഴ്സ് യൂണിയൻ എന്ന സ്വതന്ത്ര ട്രേഡ് യൂണിയൻ സംഘടന ആ യൂണിയനെ ഐ.ആർ.സി.യിൽനിന്നും ഒഴിവാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവിനെതിരെ ഫയൽചെയ്ത കേസ്സിൽ ബഹു. ഹൈക്കോടതിയിൽനിന്നും സ്റ്റേ ഉത്തരവ് സമ്പാദിച്ചുകൂട്ടുന്നതിനെ തുടർന്നാണ് ഐ.ആർ.സി. യോഗം വിളിച്ചുകൂട്ടുന്നതിന് പ്രതിസന്ധി ഉണ്ടായിട്ടുള്ളത്. ഐ.ആർ.സി.യിൽ അംഗങ്ങളായിട്ടുള്ള മറ്റ് ട്രേഡ് യൂണിയൻ പ്രതിനിധികൾ സ്വതന്ത്ര ട്രേഡ് യൂണിയൻ പ്രതിനിധിയുമായി സഹകരിക്കുന്നതിനും, തൊഴിൽ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും വിസമ്മതിക്കുന്നതിനാലാണ് ഐ.ആർ.സി. യോഗങ്ങൾ ഫലപ്രദമായി വിളിച്ചുകൂട്ടാൻ കഴിയാതിരിക്കുന്നത്.

(ഡി) ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സിൽ എത്രയും വേഗം തീർപ്പുണ്ടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ)&(എഫ്) താപനിലയത്തിലെ തൊഴിലാളികളെ പൊതുവായി ബാധിക്കുന്ന പ്രശ്നങ്ങൾ ഐ.ആർ.സി.യിൽ കൂടിയാണ് തീർപ്പാക്കിയിട്ടുള്ളത്. എന്നാൽ അങ്ങനെയല്ലാത്ത ഒറ്റപ്പെട്ട തൊഴിൽ തർക്കങ്ങളിൽ കൺസിലിയേഷൻ ഓഫീസർ കൂടിയായി അധികാരപ്പെടുത്തിയിട്ടുള്ള ജോയിന്റ് ലേബർ കമ്മിഷണർ ഇടപെട്ട് പ്രശ്നപരിഹാരം ഉണ്ടാക്കിയിട്ടുണ്ട്.

(ജി) കൺസിലിയേഷൻ നടപടികളിലൂടെ ഉണ്ടാകുന്ന ഒത്തുതീർപ്പുകൾക്ക് തനതായ നിയമസാധുതയുണ്ട്.

251/2010.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) നിലവിലുള്ള ഐ.ആർ.സി.യുടെ കാലാവധി 2.11.99 വരെ ഉണ്ടെങ്കിലും ഇത് കാലാവധിക്ക് മുമ്പ് പുനഃസംഘടിപ്പിക്കുവാൻ നടപടിയെടുത്തുവരുന്നു.

87 (1193) സാമൂഹ്യ ജലസേചന പദ്ധതി

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേപ്പയൂർ മണ്ഡലത്തിലെ മണിയൂർ വെള്ളറാട്ടുമല കിഴക്കും ഭാഗം നാളികേര വികസന സമിതിക്ക് ജലസേചന സൗകര്യത്തിനായി ഒരു സാമൂഹ്യ ജലസേചന പദ്ധതി അനുവദിച്ചുത്തരവാകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഗവൺമെന്റിനു ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) മേപ്പയ്യൂർ മണ്ഡലത്തിലെ മണിയൂർ വെള്ളറാട്ടുമല കിഴക്കും ഭാഗം നാളികേര വികസന സമിതിക്ക് ജലസേചന സൗകര്യത്തിനായി ഒരു സാമൂഹ്യ ജലസേചന പദ്ധതി അനുവദിക്കണമെന്ന നിവേദനം ജലസേചന വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല. മേപ്പയൂർ മണ്ഡലം കേരള സാമൂഹ്യ ജല സേചന സമിതിയുടെ പ്രവർത്തന പരിധിയിൽ വരുന്നതല്ല.

(ബി) ഉദിക്കുന്നില്ല.

88 (1194) കിഴക്കേമുറി വാട്ടർസപ്ലൈ സ്കീം

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചെറുത്തൂർ പഞ്ചായത്തിലെ കിഴക്കേമുറി വാട്ടർ സപ്ലൈ സ്കീം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എത്ര തുകയാണ് ഈ സ്കീമിന് അനുവദിച്ചിട്ടുള്ളത്;

(സി) ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു പറയുമോ;

(ഇ) ഇല്ലെങ്കിൽ ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കാസർഗോഡ് ജില്ലയിലെ ചെറുത്തൂർ പഞ്ചായത്തിൽപ്പെടുന്ന കിഴക്കേമുറിയിൽ ശുദ്ധജല വിതരണം നടപ്പിലാക്കാനുള്ള ഒരു പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റി രൂപംനൽകിയിരുന്നു. എന്നാൽ ജനകീയാസൂത്രണത്തിന്റെ കീഴിൽ പഞ്ചായത്തുകൾക്ക് അധികാരം കൈമാറ്റം ചെയ്യുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ചിട്ടുള്ള 19.3.98-ലെ (എം.എസ്.) 29/98/ജല.വ. സർക്കാർ ഉത്തരവിൻ പ്രകാരം, ഒരു പഞ്ചായത്തിൽ മാത്രം ഒതുങ്ങുന്ന ശുദ്ധ

LIBRARY ARCHIVES Kerala Legislative Assembly